**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6672** **11-11-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചിയിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിയിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെ.എം.ടി.എ.) നല്കിയ നിർദ്ദേശം എന്താണ്; ആയത് നടപ്പാക്കാനായി സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (എ) | കൊച്ചി നഗരത്തിലെ വിവിധ ഗതാഗത സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനും, ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി ഒരു സമഗ്ര ഗതാഗത പദ്ധതി (Comprehensive Mobility Plan) തയ്യാറാക്കുന്നതിനും, പ്രസ്തുത ആസൂത്രണ രേഖയ്ക്ക് അനുസൃതമായി വിവിധ ഗതാഗത സംവിധാനങ്ങളായ ബസ്സുകളെ വിവിധ കമ്പനികളായും, ഓട്ടോറിക്ഷകളെ സൊസൈറ്റികളായും ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ, പ്രാരംഭദശയിലുള്ള കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെ.എം.ടി.എ.)-യുടെ നേതൃത്വത്തിൽ സ്വീകരിച്ച് വരികയാണ്. കൊച്ചി നഗരത്തിന് സുസ്ഥിര ഗതാഗത സംവിധാനം ഒരുക്കുന്നതിന്, കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്ക് (KOMN) എന്ന ഡിജിറ്റൽ സാങ്കേതിക വിദ്യ രൂപീകരിക്കുകയും, ആദ്യപടിയായി ടാക്സി സർവീസ് ഈ നെറ്റ് വർക്കിലേക്ക് സംയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മെട്രോ റെയിൽ, വാട്ടർ മെട്രോ, ബസ് സർവീസ്, ഓട്ടോറിക്ഷാ സർവീസ് എന്നിവയും ഇതിലേക്ക് ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ബി) | കൊച്ചിയിലെ ഗതാഗത പ്രശ്നം തീർക്കാനും ഗതാഗത സൗകര്യം മെച്ചപ്പെടുത്തുവാനും പ്രസ്തുത നിർദ്ദേശം ഉതകുമെന്ന് വ്യക്തമായിട്ടുണ്ടെങ്കിൽ ഇതര വകുപ്പുകളെ ഏകോപിപ്പിച്ച് സമയബന്ധിതമായി അത് നടപ്പാക്കാൻ എന്തു നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സമഗ്ര ഗതാഗത പദ്ധതി (Comprehensive Mobility Plan) തയ്യാറാക്കുന്നതിനും ആയത് നടപ്പിലാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉദ്യോഗസ്ഥ നിയമനം പൂർത്തിയാകുന്ന മുറയ്ക്ക് ഇതര വകുപ്പുകളുമായുള്ള ഏകോപനം പൂർണ്ണ തോതിൽ സാദ്ധ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ